ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകളിലാണ് കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടുള്ളത്;

(സി) ഇനിയും എത്ര വകുപ്പുകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്താനുണ്ടെന്നും ഏതെല്ലാം വകുപ്പുകളിൽ ആണെന്നും അറിയിക്കുമോ;

(ഡി) ഇതുവരെ ഈ വകയിൽ എത്രലക്ഷം രൂപ ചെലവായി;

(ഇ) ഏത് ഏജൻസിയാണ് ഈ ജോലി നിർവഹിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്. സെക്രട്ടേറിയറ്റ്, സെക്രട്ടേറിയറ്റ് അനക്സ്, വികാസ്ഭവൻ, പബ്ലിക് ഓഫീസ് എന്നിവയെ ബന്ധിപ്പിച്ച് ഒരു വൈഡ് ഏരിയ നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

(ബി)&(സി) പൂർത്തിയായിട്ടില്ല. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്.

(ഡി) വൈഡ് ഏരിയ പദ്ധതിക്കായി തുകയൊന്നും ചെലവായിട്ടില്ല. എന്നാൽ ചില വകുപ്പുകളിൽ കമ്പ്യൂട്ടർ വാങ്ങിയതിനായി ചെലവാക്കിയ തുക അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഇ) കമ്പ്യൂട്ടർവൽക്കരണത്തിന്റെ നടത്തിപ്പിനായി ഒരു ഏജൻസിയേയും ചുമതല ഏൽപ്പിച്ചിട്ടില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാഷണൽ ഇൻഫർമേറ്റിക്സ് സെന്ററിന്റെ സഹായം വൈഡ് ഏരിയ നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനായി തേടിയിട്ടുണ്ട്.

2 (623) വികേന്ദ്രീകൃത ഭരണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികേന്ദ്രീകൃത ഭരണ സംവിധാനത്തിന് അഖിലേന്ത്യാതലത്തിൽ ഏകീകൃത സ്വഭാവം വേണമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(ബി) എങ്കിൽ അതിനായി അഖിലേന്ത്യാ തദ്ദേശസ്വയംഭരണ കമ്മിഷൻ രൂപീകരിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ; ഇക്കാര്യത്തിന് കേന്ദ്രഗവൺമെന്റിനെ സമീപിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അധികാര വികേന്ദ്രീകരണം പല സംസ്ഥാനങ്ങളിലും പല രീതിയിൽ നടപ്പിലാക്കുന്നെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും കേരളത്തിൽ ആവശ്യമില്ല എന്നൊരു വാദഗതി നിലവിലുണ്ടായിരുന്ന കാര്യം ഗവൺമെന്റിനറിവുണ്ടോ;

(ഇ) വ്യത്യസ്ത സാഹചര്യങ്ങൾ നിലനിൽക്കുന്ന വ്യത്യസ്ത സംസ്ഥാനങ്ങളിൽ വികേന്ദ്രീകരണം ഒരേ രീതിയിലാക്കണമെന്ന വാദം പ്രായോഗികമാണെന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല. പ്രാദേശിക വ്യത്യാസങ്ങൾ പ്രതിഫലിക്കുന്ന ഒരു സംവിധാനമാണ് വേണ്ടത്.

(ബി) ഭരണഘടനാ ഭേദഗതിക്കുശേഷം വികേന്ദ്രീകരണം പ്രാവർത്തികമാക്കുന്നതിൽ വന്നിട്ടുള്ള നേട്ടങ്ങളേയും കോട്ടങ്ങളേയും ഉന്നതതലത്തിൽ അവലോകനം ചെയ്യുന്നതിന് ഒരു ലോക്കൽ ഗവൺമെന്റ് കമ്മിഷൻ രൂപീകരിക്കുന്നതിന് കൗൺസിൽ ഫോർ ലോക്കൽ ഗവൺമെന്റിനോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇത് അഖിലേന്ത്യാതലത്തിൽ പരിശോധിക്കേണ്ടതാണ്.

(ഡി) കേരളത്തിൽ വലിയ ഗ്രാമപഞ്ചായത്തുകളും താരതമ്യേന ചെറിയ ജില്ലകളും ഉള്ളതിനാൽ ഒരു ഇടനില സംവിധാനം എന്ന നിലയിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രസക്തിയില്ല എന്ന് സെൻ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. സർക്കാർ ഇതിനോട് യോജിക്കുന്നു. എന്നാൽ ഭരണഘടനാ ഭേദഗതി കൊണ്ടുമാത്രമേ ഇതു സാദ്ധ്യമാവുകയുള്ളൂ.

(ഇ) ഇല്ല.

3 (625) ഔദ്യോഗിക വാഹനങ്ങളിൽ ടോപ്പ്ലൈറ്റ് ഉപയോഗിക്കുന്നവർ

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈ ഡിഗ്നിറ്ററീസിനെ നിർവചിച്ചുകൊണ്ട് 1999 ഏപ്രിൽ മാസത്തിൽ സർക്കാർ ഉത്തരവു പുറപ്പെടുവിച്ചശേഷവും നിയമം ലംഘിച്ച് ഔദ്യോഗിക വാഹനങ്ങളിൽ ചുവന്ന നിറത്തിലെ ടോപ്പ് ലൈറ്റ് ഉപയോഗിക്കുന്നവർക്കെതിരെ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ;

(ബി) സർക്കാർ പുറപ്പെടുവിക്കുന്ന നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) പരിശോധന നടത്തി നിയമലംഘനം ശ്രദ്ധയിൽപ്പെട്ട വാഹനങ്ങളിൽനിന്നും ചുവപ്പു ലൈറ്റ് നീക്കം ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly